# നീതിസാരം

(മലയാളം അർഥസഹിതം)

Source: http://hinduebooks.blogspot.com

**പ്രണമ്യ സർവ്വലോകേശം ദേവദേവേശ്വരം ഹരിം**
**നീതിസാരം പ്രവക്ഷ്യാമി സർവ്വശാസ്ത്രസമാഹൃതം 1**

സർവ്വലോകേശനും ദേവദേവേശനുമായ വിഷ്ണുവിനെ പ്രണമിച്ചുകൊണ്ട് സർവ്വശാസ്ത്രങ്ങളിൽ നിന്നും സമാഹരിച്ചതായ നീതിസാരത്തെ പറയാം

**ശ്രൂയതാം ധർമ്മസർവ്വസ്വം**
**ശ്രുത്വാ ചൈവ വിചാര്യതാം**
**ആത്മനഃ പ്രതികൂലാനി**
**പരേഷാം ന സമാചരേത് 2**

ധർമ്മത്തിന്റെ സാരസർവ്വസ്വത്തെ പറയാം. അതു ശ്രവിച്ചിട്ട് അതിനെക്കുറിച്ച് വിചാരിച്ചാലും. അവനവന് വിരോധമുള്ള കാര്യങ്ങളെ അന്യരോടും ആചരിക്കരുത്.

**അപരീക്ഷ്യ ന കർത്തവ്യം കർത്തവ്യം സുപരീക്ഷ്യ ച**
**ന ചേദ്ഭവതി സന്താപോ ബ്രാഹ്മണ്യാ നകുലാദ്യഥാ**

ഏതൊരു സാഹചര്യത്തെയും ശരിക്കു പഠിക്കാതെ പ്രവർത്തിക്കരുത്. അല്ലെങ്കിൽ കീരിയെക്കൊന്ന ബ്രാഹ്മണിയെപ്പോലെ ദുഃഖിക്കേണ്ടതായിവരും.

**അവശ്യമനുഭോക്തവ്യം കൃതം കർമ്മ ശുഭാശുഭം**
**നാഭുക്തം ക്ഷീയതേ കർമ്മ കല്പകോടിശതൈരപി 4**

അവനവൻ ചെയ്തിട്ടുള്ള ശുഭാശുഭ (പുണ്യപാപ) കർമ്മങ്ങളുടെ ഫലം തീർച്ചയായും അനുഭവിക്കേണ്ടതാണ്. നൂറുകോടി കല്പങ്ങൾ കഴിഞ്ഞാലും കർമ്മഫലങ്ങൾ അനുഭവിച്ചാലല്ലാതെ തീരുകയില്ല.

**അർഥാനാമാർജനേ ദുഃഖം**
**ആർജിതാനാം തു രക്ഷണേ**
**ആയേ ദുഃഖം വ്യയേ ദുഃഖം**
**അര്ഥഃ കിം ദുഃഖഭാജനം 5**

അർഥം (ധനം, സ്വത്ത് എന്നിവ) സമ്പാദിക്കുവാനും അതിനെ സംരക്ഷിക്കുവാനും മനുഷ്യൻ ദുഃഖമനുഭവിക്കുന്നു. അതു നേടുമ്പോഴും ചെലവഴിക്കുമ്പോഴും ദുഃഖമുണ്ട്. അർഥം ദുഃഖപൂരിതമായ ഒരു പാത്രം തന്നെയാണ്.

**വിദ്വാനേവ വിജാനതി വിദ്വജ്ജനപരിശ്രമം**
**ന ഹി വന്ധ്യാ വിജാനാതി ഗുർവ്വീം പ്രസവവേദനാം 6**

ഒരു വിദ്വാനു മാത്രമേ അറിവു സമ്പാദിക്കുവാനായി നടത്തുന്ന പരിശ്രമമെത്രയാണെന്നറിയാവൂ. വന്ധ്യയ്ക്ക് (മച്ചിയ്ക്ക്) പ്രസവവേദനയുടെ തീവ്രതയറിയില്ലല്ലോ.

**മാതാ പിതാ ച വൈ ശത്രുഃ**
**യേന ബാല്യേ ന പാഠ്യതേ**
**സഭാമധ്യേ ന ശോഭേത**
**ഹംസമധ്യേ ബകോ യഥാ** 7

മക്കളെ വിദ്യ അഭ്യസിപ്പിക്കാത്ത മാതാപിതാക്കൾ ശത്രുക്കളാണ്. എന്തെന്നാൽ, അരയന്നങ്ങളുടെയിടയിൽ പെടുന്ന താറാവെന്ന പോലെ വിദ്യയില്ലാത്തവൻ ഒരു സദസ്സിൽ ശോഭിക്കുന്നില്ല.

**കർപ്പൂരധൂലീകലിതാലവാലേ**
**കസ്തൂരികാകല്പിതദോഹലശ്രീഃ**
**ഹിമാംബുകാഭൈരഭിഷിച്യമാനഃ**
**പ്രാഞ്ചം ഗുണം മുഞ്ചതി നോ പലാണ്ഡുഃ** 8

കർപ്പൂരത്തടത്തിൽ ഉള്ളി നട്ട് അതിനെ കസ്തൂരി വളമായിട്ട് പനിനീരു കൊണ്ടഭിഷേകം ചെയ്താലും ഉള്ളി അതിന്റെ പഴയ ഗന്ധത്തെ ഉപേക്ഷിക്കുന്നില്ല.

**ആചാര്യാത്പാദമാദത്തേ പാദം ശിഷ്യസ്വമേധയാ**
**പാദം സബ്രഹ്മചാരിഭ്യഃ പാദം കാലക്രമേണ തു** 9

ഒരു ശിഷ്യൻ നാലിനൊന്നു അറിവ് ഗുരുവിൽ (ആചാര്യനിൽ) നിന്നു, നാലിലൊന്ന് ശിഷ്യൻ സ്വയമായും നാലിലൊന്ന് സഹപാഠികളിൽ നിന്നും ബാക്കി നാലിലൊന്ന് കാലക്രമേണയും നേടുന്നു.

**ശ്രുതമിച്ഛന്തി പിതരോ ധനമിച്ഛന്തി മാതരഃ**
**ബാന്ധവാഃ കുലമിച്ഛന്തി രൂപമിച്ഛന്തി കന്യകാ** 10

ഒരു വരനിൽ പിതാവ് വിദ്യാഭ്യാസയോഗ്യതയെയും, മാതാവ് സമ്പത്തും, ബന്ധുക്കൾ കുലമഹിമയും, വധു (കന്യക) സൗന്ദര്യവും ഇച്ഛിക്കുന്നു.

**വൃശ്ചികസ്യ വിഷം പുച്ഛം മക്ഷികായാഃ വിഷം ശിരഃ**
**തക്ഷകസ്യ വിഷം ദന്തം സര്വ്വാംഗം ദുർജനസ്യ ച** 11

തേളിന് വിഷം വാലിലും, ഈച്ചയ്ക്ക് ശിരസ്സിലും, തക്ഷകന് പല്ലിന്മേലും, ദുർജനങ്ങൾക്ക് സർവ്വാംഗ ങ്ങളിലുമാണ്.

**പക്ഷീണാം ബലമാകാശം മത്സ്യാനാമുദകം ബലം**
**ദുർബ്ബലസ്യ ബലം രാജാ ബാലാനാം രോദനം ബലം** 12

പക്ഷികൾക്ക് ബലം ആകാശവും, മത്സ്യങ്ങൾക്ക് ബലം ജലവും, ദുർബ്ബലന്മാർക്ക് ബലം രാജാവും, കുട്ടികൾക്ക് ബലം കരച്ചിലുമാണ്.

**വിവാദശീലാം സ്വയമർഥചോരിണീം**
**പരാനുകൂലാം പതിദോഷഭാഷിണീം**
**അഗ്രാശിനീമന്യഗൃഹപ്രവേശിനീം**
**ഭാര്യാം ത്യജേത്പുത്രദശപ്രസൂതികാം** 13

വഴക്കിടുന്നശീലമുള്ളവളും, മോഷ്ടിക്കുന്നവളും, അന്യ പുരുഷന് അനുകൂലയായവളും, ഭർത്താവിനെക്കുറിച്ച് ദോഷം പറയുന്നവളും, ആദ്യം ഭക്ഷിക്കുന്നവളും, അന്യഗൃഹങ്ങളിൽ പോകുന്നവളുമായ ഭാര്യ പത്തു പുത്രന്മാരെ പ്രസവിച്ചവളാണെങ്കിലും അവളെ ഉപേക്ഷിക്കേണ്ടതാണ്.

**കാര്യേഷു മന്ത്രീ കരണേഷു ദാസീ**
**രൂപേഷു ലക്ഷ്മീഃ ക്ഷമയാ ധരിത്രീ**
**സ്നേഹേഷു മാതാ ശയനേശു വേശ്യാ**
**ഷട്കർമ്മനാരീ കുലധർമ്മപത്നീ** 14

കാര്യത്തിൽ മന്ത്രിയെപ്പോലെയും, പ്രവൃത്തിയിൽ ദാസിയെപ്പോലെയും, രൂപത്തിൽ ലക്ഷ്മിയെപ്പോലെ യും, ക്ഷമകൊണ്ട് ഭൂമിയെപ്പോലെയും സ്നേഹിക്കുന്ന

തിൽ അമ്മയെപ്പോലെയും, ശയനത്തിൽ വേശ്യയെപ്പോലെയും ഇരിക്കുന്ന, ഈ ആറു ഗുണങ്ങളുള്ളവളാണ് കുലധർമ്മപത്നി.

**സ്നാതമശ്വം ഗജം മത്തം വൃഷഭം കാമമോഹിതം**
**ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജയേത്** 15

കുളിച്ചു കഴിഞ്ഞ കുതിരയെയും, മദമിളകിയ ആനയെയും, കാമം മൂത്ത കാളയെയും, അഭ്യസ്തവിദ്യനായ മൂര്ഖനെയും ദൂരത്തുനിന്ന് തന്നെ ഒഴിവാക്കണം.

**ഉപകാരോഽപി നീചാനാം അപകാരായ വർത്തതേ**
**പയഃ പാനം ഭുജംഗസ്യ കേവലം വിഷവർധനം** 16

നീചന്മാർക്കുപകാരം ചെയ്താലും അത് ഉപദ്രവമുണ്ടാക്കും. പാമ്പിന് പാല് കൊടുത്താലും അതിന്റെ വിഷം വർദ്ധിക്കുന്നതുപോലെയാണിത്.

**ഏകധാ ദശധാ ചൈവ ശതധാ ച സഹസ്രധാ**
**രണേ പാർഥശരോവൃഷ്ടിര്ദാനം ബ്രഹ്മവിദേ യഥാ**

അർജ്ജുനൻ യുദ്ധമദ്ധ്യേ അമ്പെടുത്തപ്പോൾ ഒന്നും, തൊടുത്തപ്പോൾ പത്തും, അയയ്ക്കുമ്പോൾ നൂറും, കൊള്ളുമ്പോൾ ആയിരവുമായി വർദ്ധിക്കുന്നതു

പോലെയാണ് ബ്രഹ്മജ്ഞാനിക്കു നല്കുന്ന ദാനത്തിന്റെ ഫലവും.

**അശ്വപ്ലവം ചാംബുദഗർജനഞ്ച**
**സ്ത്രീണാഞ്ച ചിത്തം പുരുഷസ്യ ഭാഗ്യം**
**അവർഷണഞ്ചാപ്യതിവർഷണഞ്ച**
**ദേവോ ന ജാനാതി കുതോ മനുഷ്യഃ** 18

കുതിരയുടെ ചാട്ടവും, മേഘഗർജനവും, സ്ത്രീകളുടെ മനസ്സും, പുരുഷന്റെ ഭാഗ്യവും, മഴ പെയ്യുന്നതും, പെയ്യാതിരിക്കുന്നതും ഈശ്വരന് പോലും അറിയുന്നില്ല. പിന്നെയെങ്ങനെയാണ് മനുഷ്യന് ഇതറിയാൻ കഴിയുക.

**ലക്ഷ്മീർലക്ഷണഹീനേ ച കുലഹീനേ സരസ്വതീ**
**അപാത്രേ ലഭതേ നാരീ മേഘവർഷഞ്ഞ പർവ്വതേ**19

ലക്ഷ്മി (സമ്പത്ത്) ലക്ഷണഹീനനിലും, നീചനിൽ സരസ്വതിയും (വിദ്യയും) പ്രസാദിക്കുന്നതും അയോഗ്യന് ലഭിക്കുന്ന സ്ത്രീയും, പർവ്വതത്തിന്മേൽ പെയ്യുന്ന മഴയ്ക്കു തുല്യമാണ് (വ്യർഥമാണ്).

**സത്യേന ലോകം ജയതി ദാനൈർജയതി ദീനതാം**
**ഗുരുൻ ശുശ്രൂഷയാ ജീയാദ്ധനുഷാ ഏവ ശാത്രവാൻ** 20

സത്യം കൊണ്ട് ജനങ്ങളെയും (അഥവാ ഉയർന്ന ലോകങ്ങളെയും), ദാനം കൊണ്ട് ദൈന്യത്തെയും (ദുഃഖത്തെയും), ഗുരുക്കന്മാരെ ശുശ്രൂഷകൊണ്ടും, ശത്രുക്കളെ ആയുധം കൊണ്ടും ജയിക്കേണ്ടതാണ്.

**പുഷ്പേഷു ജാതീ പുരുഷേഷു വിഷ്ണുർ**
**നാരീഷു രംഭാ നഗരീഷു കാഞ്ചീ**
**നദീഷു ഗംഗാ നരപേഷു രാമഃ**
**കാവ്യേഷു മാഘഃ കവി കാളിദാസഃ** 21

പുഷ്പങ്ങളിൽ പിച്ചകവും, പുരുഷന്മാരിൽ വിഷ്ണുവും, സ്ത്രീകളിൽ രംഭയും, നഗരങ്ങളിൽ കാഞ്ചീപുരവും, നദികളിൽ ഗംഗയും, രാജാക്കന്മാരിൽ ശ്രീരാമനും, കാവ്യങ്ങളിൽ മാഘവും, കവികളിൽ കാളിദാസനും പ്രമുഖരാണ്.

**ജനിതാ ചോപനേതാ ച യസ്തു വിദ്യാം പ്രയച്ഛതി**
**അന്നദാതാ ഭയത്രാതാ പഞ്ചൈതേ പിതരസ്മൃതാഃ**

ജന്മം നല്കിയവനും, ഉപനയിപ്പിച്ചവനും, വിദ്യ നല്കിയവനും, അന്നദാതാവും, ഭയത്തിൽ നിന്നും മുക്തി നല്കിയവനും എന്നീയഞ്ചു പേരും പിതാക്കന്മാരാകുന്നു.

**ഗുരുപത്നീ രാജപത്നീ ജ്യേഷ്ഠപത്നീ തഥൈവ ച**
**പത്നീമാതാ സ്വമാതാ ച പഞ്ചൈതേ മാതരസ്സ്മൃതാഃ** 23

ഗുരുപത്നിയും, രാജാവിന്റെ പത്നിയും, ജ്യേഷ്ഠന്റെ പത്നിയും, ഭാര്യാമാതാവും, സ്വന്തം മാതാവും എന്നീയഞ്ചു പേരും മാതാക്കളാകുന്നു.

**ശകടം പഞ്ചഹസ്തേഷു ദശഹസ്തേഷു വാജിനം**
**ഗജം ഹസ്തസഹസ്രേഷു ദുർജനം ദൂരതസ്ത്യജേത്** 24

വാഹനത്തെ അഞ്ചു കോൽ അകലെ നിന്നും, കുതിരയെ പത്തു കോൽ ദൂരെ നിന്നും, ആനയെ ആയിരം കോല് ദൂരെ നിന്നും, ദുർജനത്തെ പരമാവധിയകലെ നിന്നും ഉപേക്ഷിക്കേണ്ടതാണ് (ഒഴിവാക്കേണ്ടതാണ്).

**പിതാ രക്ഷതി കൌമാരേ**
**ഭർതാ രക്ഷതി യൌവനേ**
**പുത്രോ രക്ഷതി വാർധക്യേ**
**ന സ്ത്രീ സ്വാതന്ത്ര്യമർഹതി** 25

സ്ത്രീയെ ബാല്യത്തൽ അച്ഛനും, യൗവനത്തില് ഭർത്താവും, വാർദ്ധക്യത്തിൽ പുത്രന്മാരും രക്ഷിക്കേ

ണ്ടതാണ്. സ്ത്രീ ഒരിക്കലും സ്വാതന്ത്ര്യം അർഹിക്കു ന്നില്ല (തനിച്ചാകരുത്).

**സർപഃ ക്രൂരഃ ഖലഃ ക്രൂരഃ സർപാത്ക്രൂരതരഃ ഖലഃ**
**മന്ത്രൌഷധവശഃ സര്പഃ കിമു ദുഷ്ടോ ഭയങ്കരഃ** 26

പാമ്പും ദുഷ്ടനും ക്രൂരന്മാരാണ്. ദുഷ്ടൻ പാമ്പിനെക്കാളും ക്രൂരനാണ്. എന്തെന്നാൽ, പാമ്പിനെ മന്ത്രവും ഔഷധവും കൊണ്ട് നിർവീര്യനാക്കാം. പക്ഷെ, ദുഷ്ടന്റെ വിഷത്തെയകറ്റാൻ അതിനൊന്നും സാധ്യമല്ല.

**ആയുഃ കർമ്മ ച വിത്തഞ്ച വിദ്യാ നിധനമേവ ച**
**പഞ്ചൈതേ നന്ന കല്പ്യന്തേ ഗർഭഗത്യേന ദേഹിനാം** 27

ആയുസ്സ്, കർമ്മം, സമ്പത്ത്, വിദ്യ, മൃത്യു എന്നീ അഞ്ചും ഒരാള് മാതാവിന്റെ ഗർഭത്തിലിരിക്കുമ്പോൾ തന്നെ നിശ്ചയിക്കപ്പെടുന്നവയാണ്.

**ന വിഷം വിഷമിത്യാഹുർ ബ്രഹ്മസ്വം വിഷമുച്യതേ**
**വിഷമേകാകിനം ഹന്തി ബ്രഹ്മസ്വം പുത്രപൌത്രകം** 28

ബ്രാഹ്മണന്റെ (ധാർമ്മികനായ ഒരാളുടെ) സ്വത്തപ ഹരിച്ചലുണ്ടാകുന്ന പാപം വിഷത്തേക്കാൾ വളരെ യേറെ ശക്തമാണ്.

വിഷം ഒരാളെ മാത്രം കൊല്ലുമ്പോൾ ബ്രഹ്മസ്വാപഹരണത്തിന്റെ പാപം പുത്രപൗത്രാദികളെയെല്ലാം നശിപ്പിക്കുന്നു.

**ദരിദ്രത്വേ ദ്വിഭാര്യാത്വം പഥിക്ഷേത്രം കൃഷിദ്വയമ്**
**പ്രാതിഭാവ്യഞ്ച സാക്ഷിത്വം പഞ്ചാനർഥാഃ സ്വയംകൃതാഃ 29**

ദരിദ്രനു രണ്ടു ഭാര്യമാരും, പെരുവഴിയിൽ വീടും, രണ്ടിടത്ത് കൃഷിയും, ജാമ്യം നില്ക്കലും, സാക്ഷി പറയലും - ഇവയഞ്ചും സ്വയം വരുത്തിവെയ്ക്കുന്ന അനർഥങ്ങളാണ്.

**ഗജഭുജംഗവിഹംഗമബന്ധനം**
**ശശിദിവാകരയോര്ഗ്രഹപീഡനം**
**മതിമതാഞ്ച സമീക്ഷ്യ ദരിദ്രതാം**
**വിധിരഹോ ബലവാനിതി മേ മതിഃ 30**

ആന, പാമ്പ്, പക്ഷികൾ എന്നിവ ബന്ധനത്തിലാകുക, സൂര്യചന്ദ്രന്മാർക്കു ഗ്രഹണമുണ്ടാകുക, ബുദ്ധിമാന്മാരുടെ ദാരിദ്ര്യം ഇവയെല്ലാം കണ്ടിട്ട് വിധി അലംഘ്യം തന്നെയെന്നാണ് എനിക്കു തോന്നുന്നത്.

**രൂപയൌവനസംപന്നാഃ വിശാലകുലസംഭവാഃ**
**വിദ്യാഹീനാഃ ന ശോഭന്തേ നിർഗന്ധാഃ ഇവ കിംശുകാഃ 31**

സൗന്ദര്യവും, യൗവനവുമുള്ളവരും, ഉന്നതകുലത്തിൽ ജനിച്ചവരും വിദ്യാഹീനരാണെങ്കിൽ, യാതൊരു മണവുമില്ലാത്ത മുരിക്കിൻ പൂക്കളെപ്പോലെ, ശോഭിക്കുന്നില്ല.

**ഏകഭാര്യാ ത്രയഃ പുത്രാഃ ദ്വേഹലേ ദശധേനവഃ**
**മധ്യരാഷ്ട്രേ ഗൃഹം യേഷാമത്യന്തസുകൃതാശ്ച തേ 32**

ഒരു ഭാര്യയും, മൂന്നു പുത്രന്മാരും, രണ്ടു കലപ്പകളും, പത്തു പശുക്കളും, നാടിന്റെ നടുവില് വീടുമുള്ളവര് വളരെയധികം പുണ്യം ചെയ്തവരാണ്.

**വസ്ത്രമുഖ്യമലങ്കാരം ഘൃതമുഖ്യന്തു ഭോജനം**
**ഗുണമുഖ്യന്തു നാരീണാം വിദ്യാ മുഖ്യസ്തു പണ്ഡിതഃ 33**

അലങ്കാരങ്ങൾക്ക് വസ്ത്രവും, ആഹാരത്തിന് നെയ്യും,സ്ത്രീകൾക്ക് ശീലവും, പണ്ഡിതന് അറിവും മുഖ്യമാണ്.

**വാല്മീകം മധുഹാരശ്ച പൂർവ്വപക്ഷേ തു ചന്ദ്രമാ**
**രാജദ്രവ്യഞ്ച ഭൈക്ഷഞ്ച സ്തോകസ്തോകേന വർധതേ 34**

ചിതൽപ്പുറ്റും, തേനീച്ചക്കൂട്ടിലെ തേനും, ശുക്ലപക്ഷത്തിലെ ചന്ദ്രനും, രാജാവിന്റെ സ്വത്തും, ഭിക്ഷാർഥവും ക്രമേണ വർദ്ധിക്കുന്നു.

**സത്യം മാതാ പിതാ ജ്ഞാനം ധര്മോ ഭ്രാതാ ദയാ സഖീ**
**ശാന്തിഃ പത്നീഃ ക്ഷമാ പുത്രഃ ഷഡ്മീ മമ ബാന്ധവാഃ 35**

എന്റെ ആറു ബന്ധുക്കള് ഇവരാണ് - സത്യം മാതാവും, ജ്ഞാനം പിതാവും, ധർമ്മം സഹോദരനും, ദയാ സുഹൃത്തും, ശാന്തി ഭാര്യയും, ക്ഷമ പുത്രനുമാണ്.

**ആയുഷഃ ഖണ്ഡമാദായ രവിരസ്തമയം ഗതഃ**
**അഹന്യഹനി ബോദ്ധവ്യം കിമേതത് സുകൃതം കൃതം 36**

ദിവസവും സൂര്യൻ ആയുസ്സിന്റെ ഒരു പങ്ക് അപഹരിച്ച് അസ്തമിച്ചു പോകുന്നു. അതിനാൽ, താൻ ചെയ്ത പുണ്യപാപങ്ങള് എന്തൊക്കെയാണെന്ന് ഒരാൾ നിത്യവും ചിന്തിക്കേണ്ടതാണ്.

**മാ ദദ്യാത് ഖലസംഗേഷു കല്പനാമധുരാഗിരഃ**
**യഥാ വാനരഹസ്തേഷു കോമളഃ കുസുമസ്രജഃ 37**

ദുർജനങ്ങളോട് മധുരമായ വാക്കുകൾ പറയുന്നത് കുരങ്ങന്റെ കയ്യിൽ കോമളമായ പുഷ്പമാല കൊടുക്കുന്നത് പോലെ വ്യർഥമാണ്.

**ബാലാർക്കഃ പ്രേതധൂമശ്ച വൃദ്ധസ്ത്രീ പല്വലോദകം**
**രാത്രൌ ദധ്യന്നഭുക്തിശ്ച രോഗവൃദ്ധിർ ദിനേദിനേ** 38

രാവിലത്തെ വെയിലും, ശവസംസ്കാരവേളയിലുണ്ടാകുന്ന പുകയും, വൃദ്ധസ്ത്രീ സംഗമവും, ചെളി വെള്ളവും, രാത്രിയില് തൈര് കഴിക്കുന്നതും ദിവസം പ്രതി രോഗത്തെ വർദ്ധിപ്പിക്കും.

**വൃദ്ധാർക്കോ ഹോമധൂമശ്ച ബാലസ്ത്രീ നിർമ്മലോദകം**
**രാത്രൌ ക്ഷീരാന്നഭുക്തിശ്ച ആയുർവൃദ്ധിർദിനേദിനേ** 39

വൈകീട്ടത്തെ വെയിലും, ഹോമകുണ്ഡത്തിലെ പുകയും, യുവതീസംഗമവും, ശുദ്ധജലവും, രാത്രിയിൽ പാൽച്ചോറ് കഴിക്കുന്നതും മൂലം ദിവസം പ്രതി ആയുസ്സ് വർദ്ധിക്കുവാനിടയാകുന്നു.

**അർഥാഃ ഗൃഹേ നിവർത്തന്തേ ശ്മശാനേ പുത്രബാന്ധവാഃ**
**സുകൃതം ദുഷ്കൃതഞ്ചൈവ ഗച്ഛന്തമനുഗച്ഛതി** 40

ഒരുവന് മരിക്കുമ്പോൾ അവന്റെ സമ്പത്ത് വീട്ടിൽ തന്നെ അവനെ കൈവിടുന്നു. മക്കളും, ബന്ധുക്കളും ശ്മശാനം വരെ അവനെ പിന്തുടരുന്നു. പുണ്യപാപങ്ങൾ മാത്രമാണ് പിന്നീട് അവനെ അനുഗമിക്കുന്നത്.

**ധർമോ ജയതി നാധർമ്മഃ സത്യം ജയതി നാനൃതം**
**ക്ഷമാ ജയതി ന ക്രോധോ വിഷ്ണുർജയതി നാസുരഃ 41**

ധർമ്മം ജയിക്കുന്നു; അധർമ്മം ജയിക്കുന്നില്ല. സത്യം ജയിക്കുന്നു; അസത്യം ജയിക്കുന്നില്ല. ക്ഷമ ജയിക്കുന്നു; ക്രോധം ജയിക്കുന്നില്ല. ദേവന്മാർ ജയിക്കുന്നു; അസുരന്മാർ ജയിക്കുന്നില്ല.

**ധാന്യസംഗ്രഹശീലത്വം വത്സപോഷഃ സ്വയംകൃഷീ**
**പ്രധാനസേവാമാധുര്യം പഞ്ചഭിർവ്വർധതേ കുലം 42**

ധാന്യങ്ങൾ സംഭരിച്ചുവെയ്ക്കുക, പശുക്കിടാങ്ങളെ വളർത്തുക, സ്വയം കൃഷിചെയ്യുക, പ്രമാണിമാരെ സേവിക്കുക, മാധുര്യത്തോടെ പെരുമാറുക എന്നീ അഞ്ചു ശീലങ്ങൾ കൊണ്ട് കുടുംബം പുഷ്ടിപ്പെടുന്നു.

**രാജവത്പഞ്ചവർഷാണി ദശവർഷാണി ദാസവത്**
**പ്രാപ്തേ തു ഷോഡഷേ വർഷേ പുത്രം മിത്രവദാചരേത് 43**

പുത്രനെ അഞ്ചാം വയസ്സു വരെ രാജാവിനെ പ്പോലെയും, പിന്നീട് പത്തു വർഷം ദാസനെ പ്പോലെയും, പതിനാറു വയസ്സായാൽ സുഹൃത്തിനെ പ്പോലെയും കരുതി പെരുമാറണം.

**മൂർഖശിഷ്യോപദേശേന ദുഷ്ടസ്ത്രീസംഗമേന ച**
**ദ്വിഷതാം സംപ്രയോഗേന പണ്ഡിതോƒപി വിനശ്യതി**

മൂർഖന്മാരായ ശിഷ്യന്മാരെ ഉപദേശിക്കുന്നതുകൊണ്ടും, ദുഷ്ടസ്ത്രീസംഗമം കൊണ്ടും, ശത്രുക്കളെ ആശ്രയി ക്കുന്നതുകൊണ്ടും വിദ്വാൻ പോലും നശിക്കാനിട യാകുന്നു.

**ആപദർഥം ധനം രക്ഷേത് ശ്രീമതാമാപദഃ കുതഃ**
**സാ ചേദപഹരേല്ലക്ഷ്മീഃ സഞ്ചിതണ്ണ വിനശ്യതി 45**

ആപത്തിനെ നേരിടാനായി ധനം സൂക്ഷിച്ചുവെയ്ക്കണം. ധനവാന്മാർക്ക് ആപത്തെങ്ങനെ വരാനാണ്? ധനം സഞ്ചയിച്ചുവെചയ്ക്കാതെ ചെലവു ചെയ്യുന്നവന്റെ പൂർവ്വികസ്വത്തും നശിച്ചുപോകും.

**അനിത്യാനി ശരീരാണി വൈഭവം നൈവ ശാശ്വതം**
**നിത്യഃ സന്നിഹിതോ മൃത്യുഃ കർത്തവ്യോ ധർമ്മസംഗ്രഹഃ**

ശരീരം അനിത്യമാണ്. സമ്പത്തും മറ്റും ശാശ്വമല്ല താനും. മൃത്യുവാണെങ്കിൽ സദാ നമ്മുടെ കൂടെയുണ്ട്. അതുകൊണ്ട് ബുദ്ധിമാൻ ധർമ്മമാചരിച്ച് പുണ്യം സമ്പാദിക്കേണ്ടതാണ്.

**അശ്വത്ഥമേകം പിചുമന്ദമേകം**
**ന്യഗ്രോധമേകം ദശതിന്ത്രിണീശ്ച**
**കപിത്ഥവില്വാമലകത്രയഞ്ച**
**പഞ്ചാമ്രനാളീ നരകം ന യാതി** 47

ഒരു ആൽമരവും, ഒരു വേപ്പും, ഒരു പേരാലും, പത്തു പുളിയും, മൂന്നു വീതം വിളാർ മരവും, കൂവളവും, നെല്ലിയും, അഞ്ചു വീതം മാവും തെങ്ങും നട്ടുപിടിപ്പിക്കുന്നയാൾ നരകത്തിൽ പോകുന്നില്ല.

**ഗുളപർവ്വതമധ്യസ്ഥം നിംബബീജം പ്രതിഷ്ഠിതം**
**പയോവർഷസഹസ്രേണ നിംബഃ കിം മധുരായതേ** 48

ശര്ക്കരക്കുന്നിന്മേൽ വേപ്പു നട്ട് പാൽ കൊണ്ട് എന്നും നനച്ചാലും അതിന്റെ കയ്പുരുചി മാറി മധുരമുള്ളതാകില്ല.

**പരോഽപി ഹിതവാന്ബന്ധുഃ ബന്ധുരപ്യഹിതഃ പരഃ**
**അത്യർഥം ദ്വേഷിതം വ്യാധേർഹി തമാരണ്യമൌഷധം**

അകന്നവനാണെങ്കിലും (ശത്രുവാണെങ്കിലും) ഗുണം ചെയ്യുന്നവൻ ബന്ധുവും, ബന്ധുവാണെങ്കിലും ദോഷം ചെയ്യുന്നവൻ ശത്രുവുമാണ്. വളരെ മൂർച്ഛിച്ചിരിക്കുന്ന വ്യാധിയകറ്റാൻ ദൂരെയുള്ള കാട്ടിലെ മരുന്നു ഉപകരിക്കുന്നതുപോലെയാണിത്.

**പുസ്തകസ്ഥാപിതാ വിദ്യാ പരഹസ്തഗതം ധനം**
**ദേശാന്തരഗതഃ പുത്രഃ നാമമാത്രമുപാചരേത് 50**

പുസ്തകത്തിലിരിക്കുന്ന അറിവും, അന്യരുടെ കയ്യിലകപ്പെട്ട ധനവും, അന്യനാട്ടിലേയ്ക്കുപോയ മകനും പേരിനുമാത്രമേ പ്രയോജനപ്പെടുകയുള്ളൂ.

**ദശവൈദ്യസമാ പത്നീ ദശപത്നീസമോ രവിഃ**
**ദശസൂര്യസമാ മാതാ ദശമാതൃഹരീതകീ 51**

പത്തു വൈദ്യന്മാരുടെ ചികിത്സയ്ക്കു തുല്യമാണ് ഭാര്യ. പത്തു ഭാര്യമാർ തരുന്ന സൗഖ്യത്തിനു തുല്യമാണ് സൂര്യനില് നിന്നും ലഭിക്കുന്നത്. പത്ത് സൂര്യന്മാർക്കു തുല്യയാണ് അമ്മ. പത്ത് അമ്മമാർക്കു തുല്യമാണ് ഒരു കടുക്ക.

**കാകൈഃ കൃതേന ദോഷേണ ഹംസോ ഭവതി ഹിംസിതഃ**
**ഏവം ദുർജനസംസര്ഗാത്സത്പുത്രോഽപി വിനശ്യതി 52**

കാക്കകളുടെ തെറ്റുകാരണം ഹംസം നശിച്ചതുപോലെ, ദുർജനസംസർഗം കൊണ്ട് സുപുത്രൻ പോലും നശിക്കുന്നു.

**അഹോ പ്രകൃതിസാദൃശ്യം ശ്ലേഷ്മണോർദുർജനസ്യ ച**
**മധുരൈഃ കോപമായാതി കടുകൈരുപശാമ്യതി 53**

ദുർജനത്തിന്റെയും കഫത്തിന്റെയും സ്വഭാവത്തിലുള്ള സാദൃശ്യം വിചിത്രം തന്നെ. ഇവ രണ്ടും മധുരം കൊണ്ട് കോപിക്കുകയും കയ്പുകൊണ്ട് ശമിക്കുകയും ചെയ്യുന്നു [കഫം മധുരം കഴിക്കുമ്പോൾ വർദ്ധിക്കുകയും കയ്പുള്ള ആഹാരം കഴിക്കുമ്പോൾ ശമിക്കുകയും ചെയ്യുന്നു. ദുഷ്ടന്മാരോട് മധുരമായി പെരുമാറിയാൽ അവർ കൂടുതലായി ഉപദ്രവിക്കുകയും, കടുവായ (കയ്പുള്ള) പെരുമാറ്റം കൊണ്ട് അവർ അടങ്ങുകയും ചെയ്യുന്നു].

**മരണാന്താനി വൈരാണി പ്രസവാന്തഞ്ച യൌവനം**
**കോപിതാ പ്രണതാന്താ ഹി യാചിതാന്തം ച ഗൌരവം**

വൈരം മരണത്തോടെയും, യൗവനം പ്രസവത്തോടെയും, കോപം നമസ്കരിക്കുന്നതിലൂടെയും, മാനം യാചിക്കുന്ന തിലൂടെയും ഇല്ലാതാകുന്നു.

**നഷ്ടം കുലം ഭിന്നതടാകകൂപം**
**വിഭ്രഷ്ടരാജം ശരണാഗതഞ്ച**
**ഗോബ്രാഹ്മണാദ്ദേവഗൃഹഞ്ച ശൂന്യം**
**യോദ്ധാരയേത്പൂർവ്വചതുർഗുണഞ്ച** 55

ക്ഷയിച്ച കുലത്തെയും, ഇടിഞ്ഞ കുളത്തെയും, പൊട്ടകിണറിനെയും, അധികാരം നഷ്ടപ്പെട്ട രാജാവിനെയും, ശരണാഗതനെയും, പശുക്കളെയും, ബ്രാഹ്മണന്മാരെയും, ക്ഷേത്രങ്ങളെയും ഉദ്ധരിച്ചാൽ നാന്മടങ്ങ് ഫലം ലഭിക്കുന്നതാണ്.

**ഉത്തമം കുശലം വിദ്യാ മധ്യമം കൃഷിവാണിഭം**
**അധമം സേവയാ വൃത്തിര്വിഷമം ഭാരജീവനം** 56

സംഗീതസാഹിത്യാദികൾ കൊണ്ടുള്ള ജീവിതം ഉത്തമവും, കൃഷി, കച്ചവടം എന്നിവ ചെയ്തുള്ള ജീവിതം മദ്ധ്യമവും, സേവകവൃത്തി അധമവും ചുമടു ചുമന്നുള്ള ജീവിതം അധമാധമവുമാകുന്നു.

**അളിരനുസരതി പരിമളം**
**ലക്ഷ്മിരനുസരതി നയനിപുണം**
**നിമ്നമനുസരതി സലിലം**
**വിധിലിഖിതം ബുദ്ധിരനുസരതി** 57

വണ്ട് സുഗന്ധത്തെയും, ലക്ഷ്മി നയമുള്ളവനെയും, ജലം താഴ്ന്ന പ്രദേശത്തെയും, ബുദ്ധി വിധിയെയും പിന്തുടരുന്നു.

**ദുർജനം കാഞ്ചനം ഭേരീ ദുഷ്ടാശ്വം ദുഷ്ടയോഷിതാ**
**ഇക്ഷുദണ്ഡസ്തിലം ശൂദ്രഃ മർദനാദ്ഗുണവർധനം** 58

ദുർജനം, സ്വർണ്ണം, ചെണ്ട, മെരുങ്ങാത്ത കുതിര, ദുഷ്ടസ്ത്രീ, കരിമ്പ്, എള്ള്, ശൂദ്രൻ (സംസ്കാര മില്ലാത്തവനെന്ന അർത്ഥത്തിൽ) എന്നിവയെ മർദ്ദിക്കും തോറും ഗുണമേറും.

**മൃഷ്ടാന്നദാതാ ശരണാഗ്നിഹോത്രീ**
**വേദാന്തവിച്ചന്ദ്രസഹസ്രജീവീ**
**മാസോപവാസി ച പതിവ്രതാ ച**
**ഷഡ്ജീവലോകേ മമ വന്ദനീയാ** 59

രുചിയുള്ള ഭക്ഷണം തരുന്നയാൾ, അഗ്നിഹോത്രം മുടങ്ങാതെ ചെയ്യുന്നയാൾ,വേദാന്തജ്ഞാനമുള്ളയാൾ, ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ടയാൾ, എല്ലാ മാസവും ഉപവസിക്കുന്നയാൾ, പതിവ്രത എന്നീ എന്നീ ആറു പേരെ ഞാൻ വന്ദിക്കുന്നു.

**മക്ഷികാ വ്രണമിച്ഛന്തി ധനമിച്ഛന്തി പാർഥിവാഃ**
**നീചാഃ കലഹമിച്ഛന്തി സന്ധിമിച്ഛന്തി പണ്ഡിതാഃ 60**

ഈച്ചകൾ വ്രണവും, രാജാക്കന്മാർ ധനവും, നീചന്മാർ കലഹവും, പണ്ഡിതന്മാർ (അറിവുള്ളവർ) സന്ധിയും ആഗ്രഹിക്കുന്നു.

**രവിസന്നിധിമാത്രേണ സൂര്യകാന്തം പ്രകാശയേത്**
**ഗുരുസന്നിധിമാത്രേണ ശിഷ്യജ്ഞാനം പ്രകാശയേത് 61**

സൂര്യന്റെ സാന്നിദ്ധ്യം കൊണ്ടുമാത്രം സൂര്യകാന്തമെന്ന രത്നം പ്രകാശിക്കുന്നതുപോലെ ഗുരുവിന്റെ സന്നിധി കൊണ്ടുമാത്രം ശിഷ്യനിൽ ജ്ഞാനം പ്രകാശിക്കുന്നു.

**അദാതാ പുരുഷസ്ത്യാഗീ ധനം സംത്യജ്യ ഗച്ഛതി**
**ദാതാരം കൃപണം മന്യേ മൃതോഽപ്യർഥം ന മുഞ്ചതി 62**

ദാനം ചെയ്യാത്ത മനുഷ്യൻ ത്യാഗിയാണ്. അയാൾ മരിക്കുമ്പോൾ തന്റെ സമ്പത്തു മുഴുവൻ തീരെ ഉപയോഗിക്കാതെ വിട്ടിട്ടു വെറും കയ്യോടെ പോകുന്നു. എന്നാൽ ദാനം ചെയ്യുന്നയാൾ കൃപണനാണ്. എന്തെന്നാൽ, അയാൾ മരിച്ചാലും താൻ ചെയ്ത ദാനങ്ങളുടെ ഫലമായ പുണ്യവും കൂടെ കൊണ്ടുപോകുന്നു.

**മാതൃവത്പരദാരാണി പരദ്രവ്യാണി ലോഷ്ടവത്**
**ആത്മവത്സർവ്വഭൂതാനി യഃ പശ്യതി സ പണ്ഡിതഃ 63**

അന്യന്റെ പത്നിയെ മാതാവിനെപ്പോലെയും, അന്യരുടെ സ്വത്തിനെ മൺകട്ടപോലെയും, എല്ലാ ജീവജാലങ്ങളെയും തന്നെപ്പോലെയും കാണുന്ന വ്യക്തിയാണ് യഥാർഥ പണ്ഡിതൻ (ജ്ഞാനി).

**ഉത്പലസ്യാരവിന്ദസ്യ മത്സ്യസ്യ കുമുദസ്യ ച**
**ഏകയോനിപ്രസൂതാനാം തേഷാം ഗന്ധഃ പൃഥക് പൃഥക്**

കരിങ്കുവളം, താമര, മത്സ്യം, ആമ്പൽ എന്നിവ വെള്ളത്തിൽ തന്നെ ജനിക്കുന്നവയാണെങ്കിലും അവയുടെ മണം വ്യത്യസ്തമാണ്.

**ന ദേവേഭ്യോ ന വിപ്രേഭ്യോ ന ബന്ധുഭ്യോ ന ചാത്മനേ**
**ജലാരിനൃപചോരേഭ്യോ നിശ്ചയം ധനനാശനം 65**

ദേവന്മാർക്കും, ബ്രാഹ്മണന്മാർക്കും, ബന്ധുക്കൾക്കും, തനിക്കുതന്നെയും വേണ്ടി ഉപയോഗിക്കാത്ത ധനം വെള്ളം, രാജാവ്, കള്ളന്മാർ എന്നിവരാൽ നശിക്കപ്പെടുന്നു.

**വ്യസനേ വാർദ്ധക്യേ വാ ഭയേ വാ ജീവിതാവധൌ**
**വിമൃശൻസ സ്വയംബുധ്യാ കൃതാന്തം പ്രഹസിഷ്യതി 66**

ആപത്തു വരുമ്പോഴും, ധനം നശിക്കുമ്പോഴും, പ്രാണഭയം വരുന്ന അവസരത്തിലും സ്വയം ചിന്തിച്ചുറച്ച് പ്രവർത്തിക്കുന്നയാൾ യമനെ പരിഹസിക്കുന്നു.

**വസ്ത്രദാനഫലം രാജ്യം പാദുകാഭ്യാം ച വാഹനം**
**താംബൂലാദ്ഭോഗമാപ്നോതി അന്നദാനാത്ഫലത്രയം 67**

വസ്ത്രദാനത്തിന്റെ ഫലമായി രാജ്യവും, ചെരുപ്പ് ദാനം ചെയ്താൽ വാഹനവും, താംബൂലം നല്കിയാൽ സുഖഭോഗവും അന്നദാനം കൊണ്ട് ഇവ മൂന്നു ലഭിക്കുന്നു.

**കോകിലാനാം സ്വരം രൂപം നാരീരൂപം പതിവ്രതാ**
**വിദ്യാരൂപശ്ച വിപ്രാണാം ക്ഷമാരൂപം തപസ്വിനാം 68**

കുയിലുകൾക്കു സ്വരവും, സ്ത്രീകകൾക്കു പാതിവ്രത്യവും, ബ്രാഹ്മണർക്ക് അറിവും, തപസ്വികൾക്ക് ക്ഷമയുമാണ് സൗന്ദര്യം.

**മുഖം പദ്മദളാകാരം വചശ്ചന്ദനശീതലം**
**ഹൃദയം വഹ്നിസന്തപ്തം ത്രിവിധം ദുഷ്ടലക്ഷണം 69**

മുഖം താമരപ്പൂപോലെ പ്രസന്നമായിരിക്കുക, വാക്കുകൾ ചന്ദനം പോലെ ശീതളമയിരിക്കുക, ഹൃദയം തീ പോലെ ജ്വലിച്ചിരിക്കുക ഇവ മൂന്നുമാണ് ദുഷ്ടന്റെ ലക്ഷണങ്ങൾ.

**പ്രഥമവയസി ദത്തം തോയമല്പം സ്മരന്തഃ**
**ശിരസി നിഹിതഭാരാ നാളികേരാ നരാണാം**
**സലിലമമൃതകല്പം ദദ്യുരാജീവനാന്തം**
**ന ഹി കൃതമുപകാരം സാധവോ വിസ്മരന്തി 70**

തെങ്ങിൻതൈ ചെറുതായിരിക്കുമ്പോൾ അതിനെ നനയ്ക്കാനുപയോഗിച്ച കുറച്ചു വെള്ളത്തിനു പകരമായി അത് തന്റെ ശിരസ്സിൽ ഭാരം ചുമന്ന് ആജീവനാന്തം മനുഷ്യർക്ക് അമൃതതുല്യമായ ജലം നല്കുന്നതുപോലെ സജ്ജനങ്ങൾ അവരോട് ചെയ്ത ഉപകാരത്തെ ഒരിക്കലും വിസ്മരിക്കുന്നില്ല (അതായത് അവർ സ്വയം ക്ലേശമനുഭവിച്ചിട്ടുണെങ്കിലും പ്രത്യുപകാരം ചെയ്യും).

**അസന്തുഷ്ടോ ദ്വിജോ നഷ്ടഃ സന്തുഷ്ടഃ ക്ഷത്രിയസ്തഥാ**
**സലജ്ജാ ഗണികാ നഷ്ടാ നിർലജ്ജാ തു കുലാംഗനാ 71**

സന്തോഷമില്ലാത്ത ബ്രാഹ്മണനും, സന്തുഷ്ടനായ ക്ഷത്രിയനും, ലജ്ജാവതിയായ വേശ്യയും, നിർലജ്ജയായ കുലസ്ത്രീയും നശിക്കുന്നു.

**അക്ഷരം വിപ്രഹസ്തേന മാതൃഹസ്തേന ഭോജനം**
**ഭാര്യാഹസ്തേന താംബൂലം രാജഹസ്തേന കങ്കണം** 72

ബ്രാഹ്മണനിൽ നിന്ന് അക്ഷരാഭ്യാസവും (അറിവും), അമ്മയുടെ കയ്യിൽ നിന്ന് ഭക്ഷണവും, പതിയിൽ നിന്ന് താംബൂലവും (മുറുക്കാനും), രാജാവിൽ നിന്നും വളയും (അംഗീകാരവും) നേടേണ്ടതാണ്.

**രജനീകരശ്ശീതഃ സ്യാദ്രജനീകരാച്ചന്ദനോ മഹാശീതഃ**
**രജനീകരചന്ദനാഭ്യാം സജ്ജനവചനാനി ശീതലാനി** 73

ചന്ദ്രൻ ശീതളനാണ്. അതിലും ശീതളമാണ് ചന്ദനം. ഈ രണ്ടിനേക്കാളും ശീതളമാണ് സജ്ജനങ്ങളുടെ വാക്കുകൾ.

**നാഗോ ഭാതി മദേന ഖം ജലധരൈഃ**
**പൂർണ്ണേന്ദുനാ ശർവ്വരീ**
**ശീലേന പ്രമദാ ജവേന തുരഗോ**
**നിത്യോത്സവൈർമ്മന്ദിരം**
**വാണീ വ്യാകരണേന ഹംസമിഥുനൈ**

**നദ്യഃ സഭാ പണ്ഡിതൈഃ**
**സത്പുത്രേണ കുലം നൃപേണ വസുധാ**
**ലോകത്രയം ഭാനുനാ** 74

ആന മദം കൊണ്ടും, ആകാശം കാർമേഘങ്ങളെക്കൊണ്ടും, രാത്രി പൂർണ്ണചന്ദ്രനെ ക്കൊണ്ടും, സ്ത്രീ ശീലം (സുസ്വഭാവം) കൊണ്ടും, അശ്വം വേഗത കൊണ്ടും, ക്ഷേത്രങ്ങൾ എന്നുമുള്ള ഉത്സവങ്ങളെക്കൊണ്ടും, വാക്ക് (സംഭാഷണം) വ്യാകരണം കൊണ്ടും, നദികൾ ഹംസമിഥുനങ്ങളെ ക്കൊണ്ടും, സദസ്സ് പണ്ഡിതന്മാരെക്കൊണ്ടും, കുലം സുപുത്രന്മാരെ ക്കൊണ്ടും, ഭൂമി രാജാവിനാലും, മൂന്നു ലോകങ്ങൾ സൂര്യനാലും വിളങ്ങുന്നു.

**സാസൂയോ/സത്യവാക് ചൈവ**
**കൃതഘ്നോ ദീർഘവൈരവാൻ**
**ചത്വാരഃ കർമ്മചണ്ഡാലാ**
**ജാതിചണ്ഡാലശ്ചുദ്രവത്** 75

അസൂയയുള്ളവൻ, അസത്യം പറയുന്നവൻ, നന്ദിയില്ലാത്തവൻ, എന്നെന്നും വൈരം മനസ്സിൽ സൂക്ഷിക്കുന്ന വൻ എന്നീ നാലുപേർ കർമ്മചണ്ഡാലന്മാരാകുന്നു (അതായത് ഇവർ ദുഷ്കർമ്മം കൊണ്ട് ചണ്ഡാല

ന്മാരായവരാണ്). ശൂദ്രനെയും മറ്റുമാണ് ജാതിചണ്ഡാല ന്മാരെന്ന് പറയുന്നത്.

**പ്രാണമേകം പരിത്യജ്യ മാനമേവാഭിരക്ഷതു**
**അനിത്യാശ്ചാധ്രുവാഃ പ്രാണാഃ മാനമാചന്ദ്രതാരകം** 76

ജീവൻ ത്യജിച്ചാണെങ്കിലും മാനം രക്ഷിക്കേണ്ടതാണ്. പ്രാണൻ അനിത്യവും അസ്ഥിരവുമാണ്. എന്നാൽ മാനം (യശസ്സ്) ചന്ദ്രനും നക്ഷത്രങ്ങളും ഉള്ളിടത്തോളം നിലനില്ക്കുന്നതാണ്.

**ലബ്ധവിദ്യോ ഗുരും ദ്വേഷ്ടി ലബ്ധഭാര്യാസ്തു മാതരം**
**ലബ്ധപുത്രാ പതിം നാരീ ലബ്ധാരോഗ്യശ്ചികിത്സകം** 77

അയോഗ്യന്മാർ വിദ്യ കൈക്കലാക്കിയ ശേഷം ഗുരുവിനെയും, ഭാര്യയെ ലഭിച്ചശേഷം അമ്മയെയും ദ്വേഷിക്കുന്നു. പുത്രനുണ്ടായശേഷം ഭാര്യ പതിയെയും ആരോഗ്യം വീണ്ടെടുത്ത രോഗി വൈദ്യനെയും വെറുക്കുന്നു.

**ശിരസ്സുപുഷ്പം ചരണം സുപാവനം**
**വരാംഗനാസേവനമല്പഭോജനം**
**അനംഗശയ്യാ നനു പർവ്വസംഗമോ**
**വിമുക്തലക്ഷ്മ്യാഃ പുനരാഗമശ്ച** 78

ശിരസ്സിൽ നല്ല പുഷ്പം ചൂടുകയും, പാദങ്ങൾ വൃത്തിയായി സൂക്ഷിക്കുകയും, സുന്ദരികളായ സ്ത്രീകളോടുകൂടിയിരിക്കുകയും, കുറച്ചുമാത്രം ഭക്ഷിക്കുകയും, വെറും നിലത്തു കിടക്കാതിരിക്കുകയും, അമാവാസിനാൾ സ്ത്രീസംഗമം ചെയ്യാതിരിക്കുകയും ചെയ്യുന്ന വ്യക്തിയ്ക്ക് നഷ്ടപ്പെട്ട സമ്പത്തും തിരികെ ലഭിക്കുന്നതാണ്.

**വിദ്യാ വിവാദായ ധനം മദായ ശക്തിഃ**
**പരലോകനിപീഡനായ**
**ഖലസ്യ സാധോര് വിപരീതമേതദ് ജ്ഞാനായ**
**ദാനായ ച രക്ഷണായ** 79

ദുഷ്ടന് വിദ്യയുണ്ടായാൽ ആവശ്യമില്ലാതെ തർക്കിക്കുകയും, ധനമുണ്ടായാൽ അഹങ്കരിക്കുകയും, ശക്തിയുണ്ടായാൽ മറ്റുള്ളവരെ പീഡിപ്പിക്കുകയും ചെയ്യും. എന്നാൽ, ഗുണവാന് വിദ്യകൊണ്ട് അറിവു നേടുകയും, ധനം കൊണ്ട് ദാനം നടത്തുകയും, സ്വശക്തിയാൽ അന്യരെ രക്ഷിക്കുകയും ചെയ്യും.

**അനുചിതകർമാരംഭഃ സംഘവിരോധോ ബലീയസാം സ്പർധാ**
**പ്രമദാജനവിശ്വാസോ നാശദ്വാരാണി ചത്വാരി** 80

ഉചിതമല്ലാത്ത പ്രവർത്തി ചെയ്യുക, സംഘത്തോട് വിരോധം വെയ്ക്കുക, ബലവാന്മാരോട് പിണങ്ങുക, സ്ത്രീകളെ വിശ്വസിക്കുക ഇവ നാലും നാശത്തിലേക്കുള്ള വഴിയാണ്.

**കഃ കാലഃ കാനി മിത്രാണി കോ ദേശഃ കൌ വ്യയാഗമൌ**
**കശ്ചാഹം കാ ച മേ ശക്തിരിതി ചിന്ത്യം മുഹുർമുഹുഃ 81**

പുതുതായി ഏതെങ്കിലും പ്രവൃത്തിയിലേർപ്പെടുന്നതിനുമുമ്പ് അതിനുചിതമായ കാലദേശങ്ങളേത്, തന്റെ മിത്രങ്ങളാരൊക്കെ, വരവുചെലവെത്ര, താനാര്, തനിയ്ക്കെത്ര ശക്തിയുണ്ട് എന്നിങ്ങനെ വീണ്ടും വീണ്ടും ചിന്തിക്കേണ്ടതാണ്.

**സിംഹാദേകം ബകാദേകം ശിക്ഷേച്ചത്വാരി കുക്കുടാത്**
**വായസാത്പഞ്ചശിക്ഷേച്ച ഷഡ് ശുനസ്ത്രീണി ഗർദഭാത്**

സിംഹത്തിൽനിന്നും കൊക്കിൽ നിന്നും ഓരോ ഗുണങ്ങളും, കോഴിയിൽനിന്നും നാലും, കാക്കയിൽ നിന്നും അഞ്ചും, പട്ടിയിൽനിന്നും ആറും, കഴുതയിൽ നിന്നും മൂന്നും പഠിക്കേണ്ടതാണ്.

**പ്രവൃത്തം കാര്യമല്പം വാ യോ നരഃ കർതുമിച്ഛതി**
**സർവ്വാരംഭേണ തത്കാര്യം സിംഹാദേകം പ്രചക്ഷതേ**

ഒരു പ്രവൃത്തി, അതു വലുതായാലും ചെറുതായാലും, ഒരിക്കലതു തുടങ്ങിക്കഴിഞ്ഞാൽ സർവ്വപ്രയത്നത്തോടും കൂടി അതുചെയ്യുവാൻ സിംഹത്തിൽനിന്നും പഠിക്കേണ്ടതാണ്.

**ഇന്ദ്രിയാണി ച സംയമ്യ ബകവത്പണ്ഡിതോ നരഃ**
**ദേശകാലബലം ജ്ഞാത്വാ സർവ്വകാര്യാണി സാധയേത്**

സർവ്വ ഇന്ദ്രിയങ്ങളെയും നിയന്ത്രിച്ച് ദേശകാലബല ത്തെയറിഞ്ഞ് എല്ലാ കാര്യങ്ങളും സാധിക്കുക എന്ന ഗുണം കൊക്കിൽനിന്നും പഠിക്കേണ്ടതാണ്.

**പ്രാഗുത്ഥാനഞ്ച യുദ്ധഞ്ച സംവിഭാഗശ്ച ബന്ധുഷു**
**സ്വയമാക്രമ്യഭുക്തിശ്ച ശിക്ഷേച്ചത്വാരി കുക്കുടാത് 85**

കാലത്തുണരുക, നന്നായി യുദ്ധം ചെയ്യുക, ബന്ധുക്കളുമായി പങ്കിട്ടുകഴിക്കുക, സ്വപ്രയത്നം കൊണ്ട് ആഹാരം നേടുക എന്നീ നാലു ഗുണങ്ങൾ കോഴിയിൽ നിന്നും പഠിക്കേണ്ടതാണ്.

**ഗൂഢമൈഥുനധീരത്വം കാലേ കാലേ ച സംഗ്രഹം**
**അപ്രമത്തമവിശ്വാസം പഞ്ച ശിക്ഷേച്ച വായസാത് 86**

രഹസ്യമായി മൈഥുനത്തിലേർപ്പെടുക, ധൈര്യം, പിന്നീട് വന്നുചേരാവുന്ന ആവശ്യങ്ങൾക്കായി സംഗ്രഹിച്ചുവെയ്ക്കുക, ജാഗ്രതയോടെയിരിക്കുക, ആരെയും വിശ്വസിക്കാതിരിക്കുക എന്നീ അഞ്ചു ഗുണങ്ങൾ കാക്കയിൽനിന്നും പഠിക്കേണ്ടതാണ്.

**ബഹ്വാശീ സ്വല്പസന്തുഷ്ടഃ സുനിദ്രോ ലഘുചേതനഃ**
**സ്വാമിഭക്തിശ്ച ശൂരത്വം ഷഡേതേ ശ്വാനതോ ഗുണാഃ**

ലഭിക്കുമ്പോൾ അധികം ആഹാരം കഴിക്കുക, ഇല്ലാത്തപ്പോൾ ഉള്ളതുകൊണ്ട് തൃപ്തനാകുക, ഗാഢമായി ഉറങ്ങുക, പെട്ടെന്നെഴുന്നേല്ക്കുക, യജമാനനോടുള്ള കൂറ്, ശൗര്യം എന്നീ ആറു ഗുണങ്ങൾ പട്ടിയിൽ നിന്നും പഠിക്കേണ്ടതാണ്.

**സുശ്രാന്തോഽപി വഹേദ്ഭാരം ശീതോഷ്ണൌ ന ച പശ്യതി**
**സന്തുഷ്ടശ്ചരതേ നിത്യം ത്രീണി ശിക്ഷേച്ച ഗർദഭാത് 88**

എത്ര തളർന്നാലും പിന്നെയും ഭാരം ചുമക്കുക, ശീതോഷ്ണങ്ങളെ കണക്കാക്കാതിരിക്കുക, എപ്പോഴും സന്തുഷ്ടനായിരിക്കുക എന്നീ മൂന്നു ഗുണങ്ങൾ കഴുതയിൽനിന്നും പഠിക്കേണ്ടതാണ്.

**യ ഏതാൻ വിംശതിഗുണാനാചരിഷ്യതി മാനവഃ**
**കാര്യാവസ്ഥാസു സർവ്വാസു വിജയീ സംഭവിഷ്യതി 89**

ഈ ഇരുപത് ഗുണങ്ങളെ ശീലിക്കുന്ന മനുഷ്യൻ എല്ലാ പ്രവൃത്തികളിലും എല്ലാ പരിതസ്ഥിതികളിലും വിജയം നേടും.

**ചികിത്സകജ്യൌതിഷമാന്ത്രികാണാം**
**ഗൃഹേ ഗൃഹേ ഭോജനമാദരേണ**
**അന്യാനി ശാസ്ത്രാണി സുശിക്ഷിതാനി**
**പാനീയമാത്രം ന തു ദാപയന്തി 90**

വൈദ്യന്മാർക്കും, ജ്യോത്സ്യന്മാർക്കും, മാന്ത്രികന്മാർക്കും വീടുകൾ തോറും ആദരവോടെ ഭോജനം ലഭിക്കുന്നു. എന്നാൽ, മറ്റു ശാസ്ത്രങ്ങളിൽ ജ്ഞാനമുള്ളവർക്ക് വെള്ളം പോലും ലഭിക്കുന്നില്ല.

**ആലസ്യോപഹതാ വിദ്യാ പരഹസ്തഗതാഃ സ്ത്രിയഃ**
**അല്പബീജം ഹതം ക്ഷേത്രം ഹന്തി സൈന്യമനായകം 91**

വിദ്യ ആലസ്യം കൊണ്ടും, സ്ത്രീകൾ അന്യാധീനപ്പെടുന്നതുകൊണ്ടും, പാടം വിത്തു കുറയുന്നതുകൊണ്ടും, സൈന്യം നായകനില്ലാത്തതുകൊണ്ടും നശിക്കുന്നു.

**വ്യാലാശ്രയാപി വിഫലാപി സകണ്ടകാപി**
**വക്രാപി പങ്കിലഭവാപി ദുരാസദാപി**
**ഗന്ധേന ബന്ധുരിഹ കേതകപുഷ്പവല്ലീ**
**ഏകോ ഗുണഃ ഖലു നിഹന്തി സമസ്തദോഷാൻ 92**

പാമ്പുകൾ ഉള്ള പരിസരത്തിലാണെങ്കിലും, കായ്കളൊന്നമില്ലെങ്കിലും, മുള്ളുകളുണ്ടെങ്കിലും, വളഞ്ഞതാണെങ്കിലും, ചെളിയിൽ വളരുന്നതാണെങ്കിലും, സുഗന്ധം എന്ന ഒറ്റഗുണത്താൽ മാത്രം കൈതപ്പൂവള്ളി മേൽപറഞ്ഞ എല്ലാ ദോഷങ്ങളെയും വെല്ലുന്നു.

**ഗുരുരഗ്നിർദ്വിജാതീനാം വർണാനാം ബ്രാഹ്മണോ ഗുരുഃ**
**പതിരേവ ഗുരു സ്ത്രീണാം സർവ്വസ്യാഭ്യാഗതോ ഗുരുഃ 93**

ബ്രാഹ്മണരുടെ ഗുരു അഗ്നിയും, മറ്റു വർണ്ണങ്ങൾക്ക് ഗുരു ബ്രാഹ്മാണരും, സ്ത്രീക്കു ഗുരു സ്വഭർത്താവും എല്ലാവർക്കും അതിഥി ഗുരുവുമാകുന്നു.

**വിദ്യാവിധിവിഹീനേന കിം കുലീനേന ദേഹിനാം**
**അകുലീനോ$\neq$പി വിദ്യാഢ്യോ ദൈവതൈരപി വന്ദ്യതേ**

ഉത്തമവംശത്തിൽ ജനിച്ചാലും, വിദ്യയില്ലെങ്കിൽ എന്തു കാര്യം? താഴ്ന്ന കുലത്തിൽ ജനിച്ചവനാണെങ്കിലും

വിദ്യയുള്ളവൻ ദേവന്മാർക്കു പോലും അഭിവന്ദ്യനാകുന്നു.

**ഗുരുശുശ്രൂഷയാ വിദ്യാ പുഷ്കലേന ധനേന വാ**
**അഥവാ വിദ്യയാ വിദ്യാ ചതുർഥന്നോപലഭ്യതേ 95**

ഗുരുശുശ്രൂഷ കൊണ്ടോ, ധനം നല്കിയോ, പകരം വേറൊരു വിദ്യ നകിയോ വിദ്യ സമ്പാദിക്കാം. ഇവയെക്കൂടാതെ വിദ്യ നേടുവാനായി നാലാമതൊരു വഴിയില്ല തന്നെ.

**ജലബിന്ദുനിപാതേന ക്രമശഃ പൂര്യതേ ഘടഃ**
**തഥാ ഹി സർവ്വവിദ്യാനാം കർമ്മസ്യ ച ധനസ്യ 96**

വെള്ളത്തുള്ളികൾ നിരന്തരം വീണുകൊണ്ടിരുന്നാൽ കുടം നിറയുന്നതുപോലെ എല്ലാവിധ വിദ്യകളും, പുണ്യവും, സമ്പത്തും നിരന്തരപ്രയത്നത്തിലൂടെ വർദ്ധിക്കുന്നു.

**വിദ്യാശസ്ത്രഞ്ച ശാസ്ത്രഞ്ച ദ്വേ വിദ്യാപ്രതിപത്തയേ**
**ആദ്യാ ഹാസായ വൃദ്ധത്വേ ദ്വിതീയാദ്രിയതേ സദാ**

ആയോധനവിദ്യ, ശാസ്ത്രങ്ങൾ ഇവ രണ്ടും പഠിക്കേണ്ടവ തന്നെയാണെങ്കിലും ആദ്യത്തേത്

വാർദ്ധക്യത്തിൽ സ്വയം പരിഹസിക്കപ്പെടുന്നതിനും, രണ്ടാമത്തേത് ആദരവ് ലഭിക്കുന്നതിനും കാരണമാകും.

**കാമധേനുസമാ വിദ്യാ സദൈവ ഫലദായിനീ**
**പ്രവാസേ മാതൃവത്തസ്മാത് വിദ്യാ ഗുപ്തധനം സ്മൃതം 98**

വിദ്യ കാമധേനുവിനെപ്പോലെ എപ്പോഴും ഫലം നല്കുക തന്നെ ചെയ്യും. അന്യദേശങ്ങളിൽ വെച്ച് വിദ്യ ഒരുത്തനെ സ്വമാതാവെന്ന പോലെ സംരക്ഷിക്കുന്നു. അതുകൊണ്ടുതന്നെയാണ് വിദ്യയെ ഗുപ്തധനമെന്നു (ഒളിഞ്ഞിരിക്കുന്ന സമ്പത്ത്) വിളിക്കുന്നത്.

**അനഭ്യാസേ വിഷം വിദ്യാ അജീര്ണേ ഭോജനം വിഷം**
**വിഷം സഭാ ദരിദ്രസ്യ വൃദ്ധസ്യ തരുണീ വിഷം 99**

അഭ്യാസമില്ലാത്തവന് വിദ്യയും, ദഹിച്ചില്ലെങ്കിൽ ഭക്ഷണവും, ദരിദ്രന് പൊതുസദസ്സും, വൃദ്ധന് യുവതിയും വിഷതുല്യമാണ്.

**വിദ്യാ മിത്രം പ്രവാസേഷു ഭാര്യാ മിത്രം ഗൃഹേഷു ച**
**രോഗിണാമൌഷധം മിത്രം ധര്മോ മിത്രം മൃതസ്യ ച**

വിദേശത്ത് വസിക്കുമ്പോൾ വിദ്യ മിത്രവും, വീട്ടിൽ ഭാര്യ മിത്രവും, രോഗിയ്ക്ക് മരുന്ന് മിത്രവും, മരിച്ചവന് ധർമ്മം (പുണ്യകർമ്മഫലം) മിത്രവുമാകുന്നു.

**വിദ്യാ പ്രശസ്യതേ ലോകൈര്വിദ്യാ സർവ്വത്ര ഗൌരവാ**
**വിദ്യയാ ലഭതേ സര്വ്വം വിദ്വാന്സർവ്വത്ര പൂജ്യതേ 101**

ലോകത്തിൽ അറിവ് പ്രശംസിക്കപ്പെടുന്നു. അത് എവിടെയും ആദരിക്കപ്പെടുന്നു. വിദ്യ എല്ലാം നേടിത്തരുന്നു. വിദ്വാൻ എവിടെയും പൂജിക്കപ്പെടുന്നു.

**വിദ്വത്വം ച നൃപത്വം ച നൈവ തുല്യം കദാചന**
**സ്വദേശേ പൂജ്യതേ രാജാ വിദ്വാന്സർവ്വത്ര പൂജ്യതേ 102**

വിദ്വാനും, രാജാവും ഒരിക്കലും തുല്യരല്ല. രാജാവ് തന്റെ നാട്ടിൽ മാത്രം ആദരിക്കപ്പെടുമ്പോൾ വിദ്വാൻ എല്ലായിടത്തും ആദരിക്കപ്പെടുന്നു.

**ശ്വനഃ പുച്ഛമിവ വ്യർഥം ജീവിതം വിദ്യയാ വിനാ**
**ന ഗുഹ്യഗോപനേ ശക്തം ന ച ദംശനിവാരണേ 103**

വിദ്യയെക്കൂടാതെയുള്ള ജീവിതം പട്ടിയുടെ വാലു പോലെ വ്യർഥമാണ്. പട്ടിയ്ക്ക് തന്റെ വാലുകൊണ്ട് ഗുഹ്യഭാഗങ്ങളെ മറയ്ക്കുവാനോ ഈച്ചയാട്ടുവാനോ

കഴിയുന്നില്ലല്ലോ. അതായത് പട്ടിയ്ക്ക് തന്റെ വാലുകൊണ്ട് യാതൊരു പ്രയോജനവുമില്ല.

**യഥാ ഖനൻ ഖനിത്രേണ നരോ വാര്യധിഗച്ഛതി**
**തഥാ ഗുരുഗതാം വിദ്യാം ശുശ്രൂഷുരധിഗച്ഛതി** 104

മൺവെട്ടികൊണ്ട് കുഴിക്കുമ്പോൾ വെള്ളം ലഭിക്കുന്നതുപോലെ ഗുരുശുശ്രൂഷകൊണ്ട് ഗുരുവിങ്കലുള്ള വിദ്യ ശിഷ്യനു ലഭിക്കുന്നു.

**ശ്ലോകേന വാ തദർദ്ധേന തദർദ്ധാർദ്ധാക്ഷരേണ വാ**
**അവന്ധ്യം ദിവസം കുര്യാത് ധ്യാനാധ്യയനകർമ്മഭിഃ**

ധ്യാനം, അധ്യയനം, സ്വധർമ്മാനുഷ്ഠാനം എന്നിവ എന്നും ചെയ്യേണ്ടതാണ്. ഒരു ശ്ലോകമോ, അതിന്റെ പകുതിയോ, അതിൽ പകുതിയോ പഠിച്ച് ഓരോ ദിവസത്തെയും സഫലമാക്കേണ്ടതാണ്.

**കാവ്യശാസ്ത്രവിനോദേന കാലോ ഗച്ഛതി ധീമതാം**
**വ്യസനേന ച മൂർഖാണാം നിദ്രയാ കലഹേന വാ**

കാവ്യം, ശാസ്ത്രം എന്നിവയിൽ മുഴുകി സമയം ചെലവഴിക്കുന്നു. മൂർഖന്മാർ ദുഃഖിച്ചോ ഉറങ്ങിയോ കലഹിച്ചോ ആണ് സമയം ചെലവഴിക്കുന്നത്.

**ഏകേനാപി സുപുത്രേണ വിദ്യയുക്തേന സാധുനാ**
**ആഹ്ലാദിതം കുലം സര്വ്വം യഥാ ചന്ദ്രേണ ശർവ്വരീ**

വിദ്യാസമ്പന്നനും ഗുണവാനുമായ ഒരേ ഒരു മകൻ, ചന്ദ്രൻ രാത്രിയ്ക്കെന്ന പോലെ, കുലത്തിന് ആഹ്ലാദം നല്കുന്നു.

**വിഷാദപ്യമൃതം ഗ്രാഹ്യം അമേധ്യാദപി കാഞ്ചനം**
**നീചാദപ്യുത്തമാ വിദ്യാ സ്ത്രീരത്നം ദുഷ്കുലാദപി 108**

അമൃതം വിഷത്തിനുള്ളിൽ നിന്നു പോലും എടുക്കാം. അമേദ്ധ്യത്തിൽ കിടക്കുന്നതായാലും സ്വർണ്ണത്തെയും സ്വീകരിക്കാം. അതുപോലെ, ഉത്തമമായ വിദ്യയെ നീചനിൽ നിന്നും, സ്ത്രീരത്നത്തെ നീചകുലത്തിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

**സുകുലേ യോജയേത്കന്യാം പുത്രം വിദ്യാസു യോജയേത്**
**വ്യസനേ യോജയേച്ഛത്രുമിഷ്ടം ധര്മേണ യോജയേത്**

കന്യകയായ പുത്രിയെ നല്ല കുടുംബത്തിലേയ്ക്ക് വിവാഹം കഴിപ്പിച്ചയയ്ക്കണം. പുത്രനെ നന്നായി വിദ്യയഭ്യസിപ്പിക്കുകയും വേണം. ശത്രുവിനെ ദുഃഖിപ്പിക്കുകയും മിത്രത്തെ ധാർമ്മികമായ മാർഗ്ഗത്തിൽ നയിക്കുകയും ചെയ്യണം.

**കോഽതിഭാരഃ സമർഥാനാം കിം ദൂരം വ്യവസായിനാം**
**കോ വിദേശസ്സു വിദുഷാം കഃ പരഃ പ്രിയവാദിനാം** 110

സമർഥന്മാർക്ക് എന്താണ് ചെയ്യാന് വയ്യാത്തത്? പരിശ്രമശാലികൾക്ക് എന്താണ് ദൂരെയായിട്ടുള്ളത്? വിദ്വാന്മാർക്ക് ഏതാണ് വിദേശമായിട്ടുള്ളത്? മധുരമായി സംസാരിക്കുന്നവർക്ക് ആരാണ് അന്യനായിട്ടുള്ളത്?

**ധനധാന്യപ്രയോഗേഷു വിദ്യാസംഗ്രഹണേഷു ച**
**ആഹാരേ വ്യവഹാരേ ച ത്യക്തലജ്ജസ്സുഖീ ഭവേത്** 111

ധനം, ധാന്യം, വിദ്യ എന്നിവ സമ്പാദിക്കുമ്പോഴും, ആഹാരത്തിലും വ്യവഹാരത്തിലും ലജ്ജ ഉപേക്ഷിച്ചവൻ സുഖമനുഭവിക്കുന്നു.

**കാകദൃഷ്ടിർബകധ്യാനം ശ്വാനനിദ്രാ തഥൈവ ച**
**അല്പാഹാരം ജീർണവസ്ത്രം ഏതദ്വിദ്യാർഥിലക്ഷണം** 112

കാക്കയുടെ ദൃഷ്ടി, കൊക്കിന്റെ ഏകാഗ്രത, നായയുടെ ഉറക്കം, അല്പമായ ആഹാരം, പഴയ വസ്ത്രം ഇവയഞ്ചുമാണ് ഒരു ഉത്തമവിദ്യാർഥിയുടെ ലക്ഷണങ്ങൾ.

**ആജ്ഞാമാത്രഫലം രാജ്യം ബ്രഹ്മചര്യഫലം തപഃ**
**പരിജ്ഞാനഫലം വിദ്യാ ദത്തഭുക്തഫലം ധനം** 113

രാജ്യാധികാരത്തിന്റെ ഫലം തന്റെ ആജ്ഞയെ മറ്റുള്ളവർ അനുസരിക്കുമെന്നതാണ്. തപസ്സിന്റെ ഫലം ബ്രഹ്മചര്യവും, വിദ്യയുടെ ഫലം അറിവും, സമ്പത്തിന്റെ ഫലം ഭോഗാനുഭവവും, ദാനം ചെയ്യാനുള്ള കഴിവുമാണ്.

**ക്രോധോ വൈവസ്വതോ രാജാ തൃഷ്ണാ വൈതരണീ നദീ**
**വിദ്യാ കാമദുഘാ ധേനുഃ സന്തോഷം നന്ദനം വനം** 114

ക്രോധം യമനും (മൃത്യു), തൃഷ്ണ വൈതരണീ (മറി കടക്കുവാൻ വിഷമമുള്ളത്) നദിയും, വിദ്യ കാമധേനുവും, സന്തോഷം നന്ദനവനവുമാകുന്നു.

**ഗുണോ ഭൂഷയതേ രൂപം ശീലം ഭൂഷയതേ കുലം**
**സിദ്ധിര്ഭൂഷയതേ വിദ്യാം ഭോഗോ ഭൂഷയതേ ധനം** 115

ഗുണം സൗന്ദര്യത്തിനെയും, ശീലം (സ്വഭാവം) കുലത്തെയും, വിജയം വിദ്യയെയും, ഭോഗം സമ്പത്തിനെയും അലങ്കരിക്കുന്നു.

**അഗുണസ്യ ഹതം രൂപം ദുഃശീലസ്യ ഹതം കുലം**
**അസിദ്ധസ്യ ഹതം വിദ്യാ അഭോഗേന ഹതം ധനം** 116

ഗുണമില്ലാത്തന്റെ സൗന്ദര്യവും, ശീലം (സ്വഭാവം) ഇല്ലാത്തവന്റെ കുലവും, വിജയം നേടാത്തവന്റെ വിദ്യയും, ഭോഗമില്ലാത്തവന്റെ ധനവും വ്യർഥമാണ്.

**വിദ്യാർഥീ സേവകഃ പാന്ഥഃ ക്ഷുധാർതോ ഭയകാതരഃ**
**ഭാണ്ഡീ ച പ്രതിഹാരീ ച സപ്തസുപ്താൻ പ്രബോധയേത്**

വിദ്യാർഥി, സേവകൻ, യാത്രക്കാരൻ, വിശപ്പുള്ളവൻ, ഭയമുള്ളവൻ, ഭാരം ചുമക്കുന്നവൻ, കാവല്ക്കാരൻ എന്നീ ഏഴു പേർ ഉറങ്ങുന്നതു കണ്ടാൽ അവരെ ഉണർത്തേണ്ടതാണ്.